# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഡിസംബർ 22

# വാർത്താക്കുറിപ്പ്

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ) എം.എസ് സി. അപ്ലൈഡ് ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി ഒന്നുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1343/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. സൈക്കോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി നാലുവരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1344/2020)

2020 ഒക്ടോബറിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ബയോസയൻസസ് (2018-2019 - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1345/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ/സപ്ലിമെന്ററി) എം.എസ് സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി ഒന്നുവരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1346/2020)

2020 ഫെബ്രുവരിയിൽ നടന്ന നാലാം വർഷ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (റഗുലർ-പുതിയ സ്കീം - 2015 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജനവരി അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1347/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; നടപടികൾ തുടങ്ങി

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ ഗവൺമെന്റ്/പ്രൈവറ്റ് കോളേജ് പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിലെ ഒഴിവ് നികത്തുന്നതിനുള്ള തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചു. പ്രസ്തുത മണ്ഡലത്തിലെ പ്രാഥമിക വോട്ടർ പട്ടിക ജനവരി 22ന് സർവകലാശാല ഓഫീസിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/1348/2020)

## സ്പോട് പ്രവേശനം; അപേക്ഷകർ ഇന്ന് (ഡിസംബർ 23) ഹാജരാകണം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.എഡ്. 2020-22 ബാച്ചിലെ രണ്ട് സ്റ്റേറ്റ് മെറിറ്റ് സീറ്റിലേക്ക് സ്പോട് പ്രവേശനത്തിന് രജിസ്റ്റർ ചെയ്തവർ ഇന്ന് (ഡിസംബർ 23) രാവിലെ 11ന് സ്കൂൾ ഓഫീസിൽ അസൽ സർട്ടിഫിക്കറ്റുകളും അനുബന്ധരേഖകളുമായി എത്തണം. ഫോൺ: 0481-2731042.

(പി.ആർ.ഒ/39/1349/2020)

## 'സസ്യ മാലിന്യങ്ങളിൽ നിന്ന് മൂല്യവർധിത ഉല്പന്നങ്ങൾ നിർമിക്കാൻ ഗവേഷണം പ്രോത്സാഹിപ്പിക്കണം'

കുട്ടനാടൻ പാടശേഖരങ്ങളിലടക്കം കൊയ്ത്തിനുശേഷം ഉപയോഗശൂന്യമായിപ്പോകുന്ന വൈക്കോലുൾപ്പെടെയുള്ള സസ്യ കാർഷിക മാലിന്യങ്ങളിൽ നിന്ന് മൂല്യവർധിത ഉല്പന്നങ്ങൾ നിർമിക്കുന്നതിനായുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കണമെന്ന് മഹാത്മാഗാന്ധി സർവകലാശാലയിൽ ഉഷ്ണമേഖല സസ്യജാലങ്ങളുടെ സുസ്ഥിര ഉപയോഗവുമായി ബന്ധപ്പെട്ട് നടന്ന ദ്വിദിന രാജ്യാന്തര ഓൺലൈൻ കോൺഫറൻസ്. സ്കൂൾ ഓഫ് ബയോസയൻസസും ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് സസ്റ്റെയിനബിൾ അഗ്രികൾച്ചറും സ്വീഡനിലെ ലുണ്ട് സർവകലാശാലയും ഗുജറാത്തിലെ ആനന്ദ് കാർഷിക സർവകലാശാലയുടെ സാസ് നെറ്റും സംയുക്തമായാണ് കോൺഫറൻസ് സംഘടിപ്പിച്ചത്.

കർഷകരേയും ശാസ്ത്രജ്ഞരേയും സാമൂഹിക ശാസ്ത്രജ്ഞരേയും സംരംഭകരേയും കൂട്ടിയിണക്കി ഗവേഷണഫലങ്ങൾ പ്രാവർത്തികമാക്കണമെന്നും കോൺഫറൻസ് വിലയിരുത്തി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതി സൗഹൃദമായ ഉല്പന്നങ്ങൾ നിർമിക്കുന്നതിന് സസ്യമാലിന്യങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. സന്തോഷ് പി. തമ്പി, ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഡോ. ബാബു എം. നായർ എന്നിവർ സംസാരിച്ചു.

വിവിധ വിഷയങ്ങളിലായി ഡോ. എൻ. താജുദ്ദീൻ, ഡോ. അനി എസ്. ദാസ്, ഡോ. വി. സുബ്രഹ്മണ്യൻ, ഡോ. മനോജ് ശങ്കര നാരായണ, ഡോ. എസ്. സുരേഷ് കുമാർ, ഡോ. വി.ബി. ബോർസ്, ഡോ. ജി. നാഗേന്ദ്രപ്രഭു, ഡോ. രാജീവ് കുമാർ സുകുമാരൻ, ഡോ. മാർസിൻ പിട്ടസി കൊവാസ്കി (പോളണ്ട്), ഡോ. കെ.പി. സുധീർ, ഡോ. ജെ.ബി. പ്രജാപതി, ഡോ. കെ. രാജ്മോഹൻ, ഡോ. എസ്. കാർത്തികേയൻ, ഡോ. എം.എൻ.വി. പ്രസാദ്, ഡോ. ശ്യാം വിശ്വനാഥ്, ഡോ. സാഗരിക ഏകനായകെ (ശ്രീലങ്ക), ഡോ. സുജിത് കുമാർ (സ്വീഡൻ), ഡോ. കവിത പാണ്ഡെ, ഗോപിക തിരിപുരനാഥർ (ശ്രീലങ്ക) എന്നിവർ സംസാരിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നായി 45 ഗവേഷകരടക്കം 117 പേർ പങ്കെടുത്തു.

(പി.ആർ.ഒ/39/1350/2020)

## INTERNATIONAL CONFERENCE ON SUSTAINABLE UTILISATION OF TROPICAL PLANT BIOMASS

Mahatma Gandhi University hosted the sixth International conference on Sustainable Utilisation of Tropical Plant Biomass (SUPTBM) in the virtual platform from 14 to 15 December 2020. The event was jointly organized by School of Biosciences, Business Innovation and Incubation Centre (BIIC) and the Inter-University Centre for Organic Farming and Sustainable Agriculture (IUCOFSA) of the Mahatma Gandhi University, Kottayam, Kerala, INDIA in association with the Lund University, Sweden, SASNET–Swedish South Asian network for Fermented Foods located at Anand Agricultural University, Anand, Gujarat, India and Sustainable-kerala.net– network for sustainable development. Under the theme 'utilisation of plants for foods, feeds, bio-energy, healthcare and medicine, bio-fertilizers, habitat restoration and development of environment friendly products for the wellbeing of the society' the event provided a scientific as well as industrial forum to promote, collaborate and collectively

endeavor to solve the complex problems associated with effective utilization of plant biomass, scientific inputs in value addition and waste management. In the inaugural address, Prof. Dr. Sabu Thomas, the Vice Chancellor, M.G. University suggested the need of preserving ecosystem and utilizing plant biomass for developing advanced eco-friendly materials.

During the two days of the conference, more than 100 people attended, 22 invited talks were delivered and 20 paper presentations were carried out by more than 45 researchers from different countries like India, Sweden, Sri Lanka and Poland. The event provided a platform for young minds to present their work in allied areas and also to explore the recent developments in the area. A special panel discussion took place on Tuesday, 15$^{th}$ December 2020 in the afternoon between the academia and industrial community on the utilization of biomass for a better future and it provided insight in to the emerging trends and opportunities in innovation and entrepreneurship that can make Kerala sustainable one.

The SUTPBM 2020 was organized under the leadership of Prof. Jayachandran K, Prof. Santhosh Thampi and Dr.Radhakrishnan EK of MG University and Dr. Baboo M Nair, Professor Emeritus, Lund University. The invited speakers were Dr. N. Thajuddin, Professor, Department of Microbiology, Bharathidasan University; Dr. Ani S. Das, Executive Director, Center for bio resources and agricultural services, Kannur; Dr. V Sivasubramanian, Director, Phycospectrum environmental research centre, Chennai; Dr. Manoj Sankaranarayana, Senior Medical Officer, Dept. of Indian System of Medicine, Govt. of Kerala; Dr. S. Suresh Kumar, Director, School of Ocean Sciences and Technology, KUFOS; Dr. B. B. Borse, Sr. Principal Scientist & Dy. Director, CSIR- CFTRI, Mysuru; Dr. G. Nagendra Prabhu, Associate Professor & Principal Investigator, Centre for Research on Aquatic Resources, SD College, University of Kerala, Alappuzha; Dr. Rajeev Kumar Sukumaran, Biofuels and Biorefineries Section Microbial Processes and Technology Division, CSIR-National Institute for Interdisciplinary Science and Technology, Thiruvananthapuram; Dr. Marcin Pietrzykowski, Professor, University of Agricultural in Krakow Department of Forest Ecology and Silviculture, Poland; Dr. Sudheer K.P, Head, KAU Agri Business Incubator & Associate Director of Research, Kerala Agricultural University; Dr. J.B. Prajapati, Principal & Dean, Faculty of Dairy Science, SMC College of Dairy Science, Anand Agricultural University, Gujarat, India; Dr. K Rajmohan Professor & Former Head, Department of Plant Biotechnology, Kerala Agricultural University, Thiruvananthapuram; Dr. S Karthikeyan, Professor of Microbiology, Department of Renewable Energy Engineering, TNAU, Coimbatore; Dr. M.N.V Prasad, Emeritus Professor, School of Life Sciences, University of Hyderabad; Dr. Syam Viswanath, Director, KFRI, Thrissur; Dr. Sagarika Ekanayake, Senior Professor, Department of Biochemistry, University of Sri Jayewardenepura, Sri Lanka; Dr. Sujith Nair, Associate Professor, Coordinator of entrepreneurship section, Umea University, Sweden; Dr. Kavitha Pandey, Head, Bioanalytical sciences, GNIRD, Mumbai; Lund University, Sweden; Gopika Thiripuranathar, Senior Lecturer & Head, Dept of Chemistry, Inst. of Chemistry, Ceylon, Sri Lanka. The meeting concluded with the recommendations to develop novel strategies for connecting farmers, scientists including social scientists and venture capitalists for the sustainable utilization of plant biomass including the agricultural waste into value added products, solutions to stubble burning menace emerging in Kuttanad paddy fields, converting research outputs into startups/technologies/products/services under the academic leadership of M.G. University.

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ